പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843 **26-10-2026-ൽ മറുപടിയ്ക്ക്**

വയോജന സൗഹൃദ സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) കുടുംബ ഘടനയിലെ മാറ്റവും മക്കളുടെ കുടിയേറ്റവും ആയുർ ദൈർഘ്യത്തിലെ വർധനയും സമൂഹത്തിൽ സൃഷ്ടിക്കുന്ന വയോജന പരിചരണ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വിശദമാക്കുമോ;

മറുപടി:

- **1. വയോജന ദുർബലതാ രജിസ്റ്റർ (Elder Vulnerability Register)**

ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ളവർ തുടങ്ങിയ പ്രത്യേക പരിഗണ ആവശ്യമുള്ള വയോജനങ്ങളെ കണ്ടെത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- **2. ഡിമെൻഷ്യ സൗഹൃദ കേരളം (Dementia Friendly Kerala Initiative)**

ഡിമെൻഷ്യ ബാധിതർക്കുള്ള നേരത്തെയുള്ള പരിശോധന, തുടർപരിചരണം, മെമ്മറി ക്ലിനിക്കുകൾ, പരിചരണ കേന്ദ്രങ്ങൾ, ബോധവൽക്കരണം, കുടുംബാംഗങ്ങൾക്കുള്ള പിന്തുണ എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര പ്രവർത്തന നയം രൂപീകരിക്കുക.

- **3. വയോജന സൗഹൃദ ആരോഗ്യ അടിസ്ഥാനസൗകര്യ മാനദണ്ഡങ്ങൾ (Age-Friendly Health Infrastructure Standards)**

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ വയോജനങ്ങൾക്ക് സുഗമമായ പ്രവേശനം, സുരക്ഷിതമായ സഞ്ചാരം, അനുയോജ്യമായ ചികിത്സാ സൗകര്യങ്ങൾ, പരിചരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുക.

- **4. വയോജന അയൽപക്ക സഹായ ശൃംഖലകൾ (Elder Neighborhood Support Networks)**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തത്തോടെ വാർഡ് തലത്തിൽ വയോജന സംരക്ഷണ- സഹായ ശൃംഖലകൾ രൂപീകരിച്ച് ആവശ്യമായ സേവനങ്ങൾ ഏകോപിപ്പിക്കുക.

5. കേരള സീനിയർ കെയർ 24X7 (Kerala Senior Care 24X7)

നിലവിലുള്ള എൽഡർ ലൈൻ 14567 സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനും വയോജനങ്ങളിൽ നിന്നുള്ള പരാതികളും സഹായാഭ്യർത്ഥനകളും സ്വീകരിച്ച് ആവശ്യമായ തുടർനടപടികൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക. രാത്രി സമയത്തെ സേവനങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ട കാൾ സെന്റർ, ജില്ലാതലത്തിലുള്ള പ്രതികരണ സംവിധാനങ്ങൾ, പോലീസ് ആംബുലൻസ്, ആരോഗ്യ സാമൂഹികക്ഷേമ സംവിധാനങ്ങൾ എന്നിവയുമായി ഏകോപനം ഉറപ്പാക്കി അടിയന്തര സാഹചര്യങ്ങളിൽ സമയബന്ധിതമായ സഹായം ലഭ്യമാക്കുന്നതാണ് ലക്ഷ്യം

- **6. വയോജനങ്ങളും യുവതലമുറയും തമ്മിലുള്ള സഹവർത്തിത്വം**

  തലമുറകൾ തമ്മിലുള്ള ആശയ വിനിമയം അനുഭവ വിജ്ഞാന കൈമാറ്റം, സാമൂഹിക പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

  7. പരിചരണ കേന്ദ്രങ്ങളുടെയും പരിചരണ ദാതാക്കളുടെയും നിയന്ത്രണവും ഗുണനിലവാരവും

  പരിചരണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ, പരിചരണ ദാതാക്കളുടെ പരിശീലനവും സർട്ടിഫിക്കേഷനും, സേവനങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങളും വയോജനങ്ങൾക്കെതിരായ അവഗണനയും ചൂഷണവും തടയുന്നതിനുള്ള സംരക്ഷണ സംവിധാനങ്ങളും സംബന്ധിച്ച നടപടികൾ സ്വീകരിക്കുക.

(ബി) കേരളത്തിന്റെ മാറുന്ന ജനസംഖ്യാ ഘടനയിൽ വയോജന പരിചരണം വലിയ സാമൂഹിക ആവശ്യമായി മാറുന്ന സാഹചര്യത്തിൽ പരിചരണത്തോടൊപ്പം അന്തസ്സും സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> 1. നിയമപരമായ സംരക്ഷണം: മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം, 2007 പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുകയും സ്വത്ത് സംരക്ഷണം, ഉപേക്ഷിക്കൽ, അവഗണന, സാമ്പത്തിക ചൂഷണം എന്നിവയിൽ നിയമാനുസൃത നടപടി ഉറപ്പാക്കുകയും ചെയ്യുക

2. കേരള സംസ്ഥാന വയോജന കമ്മീഷൻ: വയോജനങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുക, അവഗണനയും ചൂഷണവും സംബന്ധിച്ച പരാതികളിൽ ഇടപെടുക, ആവശ്യമായ നിയമസഹായവും പുനരധിവാസ പിന്തുണയും ഉറപ്പാക്കുക എന്നിവയ്ക്കായി കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക.

3. കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ, 2026: വയോജനങ്ങളുടെ അന്തസ്സ്, സ്വാതന്ത്ര്യം , സുരക്ഷ, അവകാശങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും ഗുണനിലവാരമുള്ള പരിചരണ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സമഗ്ര നിയമ ചട്ടക്കൂട് സൃഷ്ടിക്കുകയാണ് ലക്ഷ്യമിടുന്നത്. പരിചരണ കേന്ദ്രങ്ങളുടെ നിയന്ത്രണം, പരിചരണദാതാക്കളുടെ പരിശീലനം, അവഗണനയുംചൂഷണവും തടയൽ, പരാതി പരിഹാരം, നിയമ സഹായം, ആരോഗ്യ-സാമൂഹിക സുരക്ഷ, സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വയോജനങ്ങൾക്ക് അന്തസ്സോടെയും സുരക്ഷിതമായും സ്വതന്ത്രമായും ജീവിക്കാനുള്ള സാഹചര്യം ഉറപ്പാക്കുകയാണ് ബിൽ നിയമമാകുന്നതിലൂടെ നടപ്പാക്കാനാകുന്നത്.

(സി) ആരോഗ്യകരവും സജീവവുമായ വാർധക്യം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കഴിയുന്നത്ര സ്വന്തം വീടുകളിലും കുടുംബ സാമൂഹിക അന്തരീക്ഷത്തിലും തുടരാൻ വയോജനങ്ങൾക്ക് സാഹചര്യമൊരുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> വയോജനങ്ങൾക്ക് സാധ്യമായത്ര കാലം സ്വന്തം വീടുകളിലും പരിചിതമായ സാമൂഹിക ചുറ്റുപാടുകളിലും അന്തസ്സോടെയും സുരക്ഷിതമായും ജീവിക്കാൻ സാഹചര്യമൊരുക്കുക, ആരോഗ്യകരവും സജീവവുമായ വാർധക്യം പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യനീതി വകുപ്പ് മുഖേന സായംപ്രഭ ഹോം പദ്ധതി, മാതൃകാ സായംപ്രഭ ഹോം പദ്ധതി, വയോമിത്രം പദ്ധതി, വയോ അമൃതം പദ്ധതി, വയോമധുരം പദ്ധതി, മന്ദഹാസം പദ്ധതി, വയോരക്ഷ പദ്ധതി, വയോജനങ്ങൾക്കായുള്ള റാപ്പിഡ് റെസ്പോൺസ് ടീം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ